## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 707** | **24/01/2018-ൽ മറുപടിയ്ക്ക്**

## കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഹ്രസ്വകാല വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ നെൽകൃഷി വായ്പ കാലാവധിയ്ക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽകർഷകർക്ക് വേണ്ടി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സഹകരണ വകുപ്പ് മുഖാന്തിരം, സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളെ ഉൾപ്പെടുത്തി കർഷക സേവന കേന്ദ്രം പദ്ധതി നടപ്പിലാക്കുകയും, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | കാർഷിക വായ്പയുടെ പലിശനിരക്കിൽ സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഹ്രസ്വകാല വിള വായ്പകൾ 7% പലിശ നിരക്കിൽ കർഷകർക്ക് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരവും നെൽകൃഷി പലിശരഹിത വായ്പാ പദ്ധതി പ്രകാരവും പലിശരഹിത വായ്പ നൽകുന്നത് മുഖേന സഹകരണ സംഘങ്ങൾക്ക് ഉണ്ടാകുന്ന പലിശ ബാധ്യത സർക്കാർ സഹകരണ സംഘങ്ങൾക്ക് തിരികെ നൽകുന്ന വിധത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | നെൽ കൃഷിക്ക് ഇപ്പോൾ എത്ര ശതമാനം പലിശനിരക്കിലാണ് വായ്പ നൽകുന്നത്; | (സി) | 7% പലിശനിരക്കിൽ നെൽകൃഷി വായ്പ നൽകുന്നതിനാണ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. മേൽ പരാമർശിച്ച പ്രകാരം വായ്പാ കാലാവധിയ്ക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നല്കി വരുന്നത്. |
| (ഡി) | നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ: | (ഡി) | 2010-11 മുതൽ കൃത്യമായി നെൽകൃഷി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നൽകുന്നത്. |
| (ഇ) | കാർഷിക വായ്പ കൂടുതലായി നൽകാൻ സഹകരണ സ്ഥാപനങ്ങൾ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി നൽകണമെന്നും അതോടൊപ്പം കാർഷികാനുബന്ധ വായ്പകളും നൽകണമെന്നും സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ